**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2608** **04-03-2025 - ൽ മറുപടിയ്ക്ക്**

**കാർബോറാണ്ടം കമ്പനിയുടെ കരാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കരാർ കാലാവധി കഴിഞ്ഞ് ഒന്നരമാസം ആയിട്ടും കാർബൊറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡ് കമ്പനിയിൽനിന്ന് മണിയാർ ജലവൈദ്യുത പദ്ധതി സർക്കാർ ഏറ്റെടുക്കാത്ത സാഹചര്യം നിലവിലുണ്ടോയെന്നും; ജലവൈദ്യുത പദ്ധതി ഏറ്റെടുക്കുന്നതിൽ കാലതാമസം ഉണ്ടാകാൻ ഇടയായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കുമോ; | (എ) | കരാറിലെ വ്യവസ്ഥ പ്രകാരം **31.12.2024**-ൽ കാലാവധി അവസാനിക്കുന്നത് മുന്നിൽ കണ്ട് മണിയാർ പദ്ധതി ഏറ്റെടുക്കുന്നത് സംബന്ധിച്ച് 12.11.2024-ന്ന കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡിനു കെ. എസ്. ഇ. ബി. എൽ. കത്ത് നൽകിയിട്ടുണ്ട്. കമ്പനി നടത്തുന്ന വ്യാവസായിക നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ 25 വർഷത്തേയ്ക്ക് കാലാവധി നീട്ടി നല്കണമെന്ന് പ്രസ്തുത കമ്പനി സർക്കാരിനോട് ആവശ്യ പ്പെട്ടിരുന്നു. കമ്പനി നടത്തുന്ന തുടർ നിക്ഷേപങ്ങളുടെയും അതുവഴി സൃഷ്ടിക്ക പ്പെടുന്ന തൊഴിലവസരങ്ങളും കണക്കി ലെടുത്ത് കമ്പനിയുടെ അപേക്ഷ സർക്കാർ പരിശോധിച്ചു വരുന്നു. പ്രസ്തുത വിഷയ വുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ്, നിയമവകുപ്പ്, വ്യവസായ വകുപ്പ് എന്നിവരുടെ അഭിപ്രായങ്ങൾ ഉൾപ്പെടെ എല്ലാ കാര്യങ്ങളും സർക്കാർ വിശദമായി പരിശോധിച്ചു വരികയാണ്. കെ.എസ്.ഇ. ബി.എൽ-ന് ദോഷകരമാകാത്തതും വ്യാവസായിക അന്തരീക്ഷത്തിന് ഗുണ കരമാകുന്നതുമായ തീരുമാനം എടുക്കു വാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |
| (ബി) | എത്ര വർഷത്തേക്ക് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനാണ് കാർബോറാണ്ടം കമ്പനിക്ക് കരാർ നൽകിയിരുന്നത് എന്ന് അറിയിക്കാമോ; കരാർ പ്രകാരം കമ്പനി ഉത്പാദിപ്പിക്കുന്ന വൈദ്യുതി എപ്രകാരം കൈമാറ്റം ചെയ്യുന്നതിനാണ് കരാറിൽ വ്യവസ്ഥ ചെയ്തിരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | മണിയാർ പദ്ധതി കമ്മീഷൻ ചെയ്ത തീയതി മുതൽ 30 വർഷ കാലയളവിനാണ് കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡിനു കരാർ നൽകിയിരിക്കുന്നത്. മണിയാറിൽ നിന്നും ഉൽപാദിപ്പിക്കുന്ന വൈദ്യുതി കമ്പനിയുടെ ഉപഭോഗത്തിനു ശേഷം മിച്ചം വരുന്ന പക്ഷം ബാങ്ക് ചെയ്യുന്നു. ബാങ്കിംഗ് കാലാവധി തീരുന്ന മുറയ്ക്ക് മിച്ചം ഉള്ള വൈദ്യുതി കെ.എസ്.ഇ.ബി ലിമിറ്റഡ് E H T നിരക്കിൽ വാങ്ങുന്നതാണ്. |
| (സി) | കരാറിലെ വ്യവസ്ഥകളുടെ ലംഘനങ്ങൾക്ക് വൈദ്യുതി ബോർഡ് കാർബൊറാണ്ടം കമ്പനിക്ക് | (സി) | കെ.എസ്.ഇ.ബി.എൽ. ഇതുമായി ബന്ധപ്പെട്ട കത്ത് കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡിന് |

| | | | |
|---|---|---|---|
| | നോട്ടീസ് നൽകിയിരുന്നോ; എന്തൊക്കെ ലംഘനങ്ങളാണ് അന്ന് കമ്പനി നടത്തിയതായി കണ്ടെത്തിയിരുന്നതെന്ന് വിശദമാക്കാമോ; | | 14.11.2022 ന് നൽകുകയുണ്ടായി. കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡ് ക്യാപ്റ്റീവ് ജനറേഷൻ ഉപയോഗിക്കാതെ കെ.എസ്. ഇ.ബി.എൽ. നിന്നും ഓപ്പൺ ആക്സസിൽ നിന്നുമുള്ള വൈദ്യുതി മാത്രമാണ് ഊർജ്ജ ആവശ്യകത നിറവേറ്റുന്നതിനായി ഉപയോ ഗിച്ചത്. അതിനാൽ മണിയാർ പദ്ധതിയിൽ നിന്നുള്ള വൈദ്യുതി പൂർണമായി ഉപയോഗിക്കാതെ ബാങ്കിംഗ് ചെയ്തിരുന്നു. |
| (ഡി) | വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള കരാർ കാലാവധി അവസാനിച്ചതിനെ തുടർന്ന് പദ്ധതി തിരികെ കൈമാറണമെന്ന് വൈദ്യുതി ബോർഡും ഊർജ്ജവകുപ്പും കമ്പനിയോട് ആവശ്യപ്പെട്ടിരുന്നോ എന്ന് വ്യക്തമാക്കാമോ; | (ഡി) | ഇത് സംബന്ധിച്ച കത്ത് കെ.എസ്. ഇ.ബി.എൽ, കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡിന് 12.11.2024 ന് നൽകുകയുണ്ടായി. |
| (ഇ) | കരാർ കാലാവധി കഴിഞ്ഞിട്ടും കമ്പനി നിയമവിരുദ്ധമായി പദ്ധതിയിൽ നിന്നും വൈദ്യുതി ഉത്പാദിക്കുകയുണ്ടായോ എന്ന് അറിയിക്കുമോ; | (ഇ) | ധനകാര്യം, നിയമം, വ്യവസായ വകുപ്പുകളുടെ അഭിപ്രായങ്ങൾ ഉൾപ്പെടെ എല്ലാ കാര്യങ്ങളും സർക്കാർ പരിശോധിച്ചു വരികയാണ്. |
| (എഫ്) | പ്രസ്തുത കരാർ പുതുക്കുന്നതിൽ നിലവിലെ നിയമങ്ങൾ പ്രകാരമുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; വൈദ്യുതി ഉൽപാദനത്തിൽ കുറവുണ്ടായത് മൂലം ബോർഡിന് ആകെ എത്ര രൂപയുടെ നഷ്ടമാണ് ഉണ്ടായിട്ടുള്ളതെന്ന വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എഫ്) | ധനകാര്യം, നിയമം, വ്യവസായ വകുപ്പുകളുടെ അഭിപ്രായങ്ങൾ ഉൾപ്പെടെ എല്ലാ കാര്യങ്ങളും സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ